പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1061

04/12/2014-ൽ
മറുപടിയ്ക്ക്

## കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ

**ചോദ്യം**
ശ്രീ.എം.ഉമ്മർ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ നടപടികൾ വിശദമാക്കാമോ ; | (എ) | സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകർ നിശ്ചിത പ്രൊഫോർമയിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ പ്രിൻസിപ്പാൾ മുഖാന്തിരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും. |
| (ബി) | ഹോം സ്റ്റേഷൻ സംബന്ധിച്ച ദൂരപരിധി, എത്രകാലം ഹോം സ്റ്റേഷനിൽ തുടരാം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | (ബി) | എ. ഔട്ട് സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി - ഹോം സ്റ്റേഷനിൽ നിന്നും 250 കി.മീ. - നും 425 കി.മീ. - നും ഇടയിലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1¼ വർഷമായി കണക്കാക്കുന്നതാണ്.<br>ബി.ഔട്ട് സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി - ഹോം സ്റ്റേഷനിൽ നിന്നും 425 കി.മീ. - ൽ കൂടുതലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1½ വർഷമായി കണക്കാക്കുന്നതാണ്.<br>സി. സേവനം പൂർത്തിയാക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്നതാണ്.<br>ഡി. 3 വർഷം ഔട്ട് - സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള ഒരദ്ധ്യാപകന് ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചാൽ സ്ഥാനക്കയറ്റമോ പ്രതീക്ഷിക്കാതെയുള്ള മറ്റ് ആവശ്യങ്ങളോ ഉണ്ടാകാത്തപക്ഷം അദ്ദേഹത്തിന് 3 വർഷം ഹോം സ്റ്റേഷനിൽ തുടരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ